പതിമൂന്നാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 3453. 09.04.2013 -ൽ മറുപടിക്ക്

ഭൂമിയുടെ ഫെയർവാല്യൂ നിശ്ചയിച്ചതിലെ അപാകതകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി. ശ്രീരാമകൃഷ്ണൻ | ശ്രീ. അനൂപ് ജേക്കബ് (ഭക്ഷ്യവും സിവിൽ സപ്ളൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| എ) സംസ്ഥാനത്ത് ഭൂമിയുടെ ഫെയർവാല്യൂ നിശ്ചയിച്ചതിൽ വന്നിട്ടുള്ള അപാകം പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് എടുത്തിട്ടുള്ളത് എന്ന് വിശദമാക്കാമോ ; | എ) സംസ്ഥാനത്ത് ഭൂമിയുടെ ഫെയർവാല്യൂ നിശ്ചയിച്ചതിൽ വന്നിട്ടുള്ള അപാകതകൾ പരിഹരിക്കുന്നതിന് നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിനു വേണ്ടി, ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പ് മന്ത്രി കൺവീനറായി ഒരു മന്ത്രിസഭാ ഉപസമിതി രൂപീകരിക്കുകയും, ടി ഉപസമിതിയുടെ തീരുമാനപ്രകാരം, അപാകതകൾ സംബന്ധിച്ചു ലഭിക്കുന്ന അപ്പീലുകൾ തീർപ്പാക്കാൻ റവന്യൂ വകുപ്പ് അധികാരികളെ ചുമതലപ്പെടുത്തുകയും, അപാകതകൾ ആദ്യം തിരിച്ചറിയുന്ന ഉദ്യോഗസ്ഥർ എന്ന നിലയിൽ അപ്പീലുകൾ സമർപ്പിക്കാൻ സബ് രജിസ്ട്രാർമാരെ ചുമതലപ്പെടുത്തുകയും ചെയ്തു. അപാകതകൾ സംബന്ധിച്ച അപ്പീൽ സമർപ്പിക്കുന്നതിനുള്ള കാലാവധി 30 ദിവസത്തിൽ നിന്ന് ഒരു വർഷം വരെ ദീർഘിപ്പിച്ചു കൊണ്ടും, ബന്ധപ്പെട്ട ജില്ലാ കളക്ടർക്ക് ബോദ്ധ്യമാകുന്ന പക്ഷം, അതിനുശേഷം ലഭിക്കുന്ന അപ്പീലുകളും പരിഗണിക്കാൻ അനുവദിച്ചു കൊണ്ടും, കേരള മുദ്രപ്പത്ര നിയമത്തിൽ ഭേദഗതി വരുത്തിയിട്ടുണ്ട്. അപാകതകൾ സംബന്ധിച്ച് ജില്ലാ കളക്ടർമാർക്ക് ലഭിച്ച അപേക്ഷകളിൽ ചാർജ്ജ് ഓഫീസർമാർ മുഖന സ്ഥല പരിശോധന നടത്തി കക്ഷികളെ നേരിൽ കേട്ടും, അദാലത്തുകൾ സംഘടിപ്പിച്ചും അപേക്ഷകൾ തീർപ്പാക്കുന്നതിനുള്ള നടപടികൾ ജില്ലാ കളക്ടർമാർ സ്വീകരിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | സർവ്വേ നമ്പർ വിട്ടുപോയ കേസുകളിലും, ദേശം മാറിയ കേസുകളിലും ഫെയർ വാല്യൂ നിശ്ചയിക്കാത്ത കേസുകളിലും ബന്ധപ്പെട്ട സബ് രജിസ്ട്രാർമാർ തയ്യാറാക്കിയ ലിസ്റ്റിന്റെ അടിസ്ഥാനത്തിൽ, ബന്ധപ്പെട്ട റവന്യൂ ഡിവിഷണൽ ആഫീസർമാർ മുഖേന ഗസറ്റ് വിജ്ഞാപനം പുറപ്പെടുവിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. ന്യായവില പുനർനിർണ്ണയിക്കുന്നതിനുവേണ്ടി, ജില്ലാ കളക്ടർമാർക്ക് ലഭിക്കുന്ന അപ്പീൽ കേസുകൾ, സമയബന്ധിതമായി നടപടി സ്വീകരിച്ച് തീർപ്പാക്കിയിട്ടുണ്ട്. |
| ബി) | വഴി സൗകര്യമില്ലാത്ത സ്ഥലത്തിനുപോലും ഉയർന്ന ന്യായ വില നിശ്ചയിച്ചിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | ബി) | മഞ്ചേരി, ഊർങ്ങാട്ടിരി, നറുകര, വെറ്റിലപ്പാറ മുതലായ 4 വില്ലേജുകളിൽ ഇത്തരം കേസുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| സി) | ഇവ തിരുത്തുന്നത് സങ്കീർണ്ണമായ നടപടി ക്രമമായതിനാൽ ജനങ്ങൾ പ്രയാസപ്പെടുന്നത് ശ്രദ്ധിച്ചിട്ടുണ്ടോ; | സി) | ഫെയർ വാല്യൂ നിശ്ചയിച്ചതിലെ അപാകതകൾ സംബന്ധിച്ച അപ്പീലുകളിൽ, ജില്ലാ കളക്ടർ ഉത്തരവായതിനുശേഷം, ഗസറ്റിൽ പ്രസിദ്ധീകരിച്ചാൽ മാത്രമേ നടപടിക്രമം പൂർത്തിയാകൂവെന്നതിനാൽ ഗസറ്റ് വിജ്ഞാപനത്തിന് വരുന്ന കാലതാമസം കാരണം രജിസ്ട്രേഷൻ നടപടികളിൽ ബുദ്ധിമുട്ടുണ്ടാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| ഡി) | എങ്കിൽ ഇതിനുള്ള നടപടി ക്രമങ്ങൾ ലളിതമാക്കാമോ? | ഡി) | 1959-ലെ കേരള മുദ്രപ്പത്രനിയമം അനുശാസിക്കുന്ന തരത്തിൽ, സമയബന്ധിതമായി നടപടി സ്വീകരിച്ചുവരുന്നുണ്ട്. ഇത്തരം കേസ്സുകളിൽ, സ്ഥലപരിശോധന നടത്തിയും, കക്ഷികളെ വിചാരണ ചെയ്തുമാണ് നടപടി സ്വീകരിച്ചുവരുന്നത്. ഈ നടപടിക്രമം മാറ്റേണ്ട സാഹചര്യം നിലവിലുണ്ടെന്ന് കരുതുന്നില്ല. |

സെക്ഷൻ ഓഫീസർ.